## പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.754. 23.07.2012 ലെ മറുപടിയ്ക്ക്

### ലോട്ടറി മേഖലയിലെ ഗുണപരമായ മാറ്റങ്ങൾ

**ചോദ്യം**

ശ്രീ. സി. എഫ്. തോമസ്
ശ്രീ. മോൻസ് ജോസഫ്
ശ്രീ. റ്റി.യു. കുരുവിള
ശ്രീ. തോമസ് ഉണ്ണിയാടൻ

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും
ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം ലോട്ടറി മേഖലയിൽ കൊണ്ടുവന്ന ഗുണപരമായ മാറ്റങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | 1) ആഴ്ചയിൽ ഒന്നു മാത്രമുണ്ടായിരുന്ന ഭാഗ്യക്കുറി ഏഴെണ്ണമാക്കി പുന:സ്ഥാപിച്ചു.<br><br>2) ശനിയാഴ്ചതോറും നറുക്കെടുക്കുന്ന കാരുണ്യ ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം ഉപയോഗിച്ച് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ ധനസഹായം നൽകുന്നതിനായി കാരുണ്യ ബെനവലന്റ് ഫണ്ട് എന്ന ചികിത്സാ പദ്ധതി നടപ്പിലാക്കി.<br><br>3) ഏജന്റുമാർക്കുള്ള ഡിസ്കൗണ്ട് വർദ്ധിപ്പിച്ചു.<br><br>4) 5000/- രൂപയുടെ സമ്മാനങ്ങളുടെ എണ്ണം വർദ്ധിപ്പിച്ചു.<br><br>5) മോണിറ്ററിംഗ് സെൽ കാര്യക്ഷമമായി പുന:സംഘടിപ്പിച്ചു.<br><br>6) 2010-11 സാമ്പത്തിക വർഷത്തിലെ റവന്യൂ വരുമാനം 557 കോടിയിൽ നിന്നും 2011-12 വർഷത്തിൽ 1287 കോടി രൂപയായി വർദ്ധിച്ചു.<br><br>7) ടിക്കറ്റുകളുടെ ആവശ്യത്തിന് ആനുപാതികമായി അച്ചടിക്കുന്ന ടിക്കറ്റുകളുടെ എണ്ണം വർദ്ധിപ്പിച്ചു. |

| | | | |
|---|---|---|---|
| (ബി) | 'കാരുണ്യ ലോട്ടറി' പോലെ വിധവകൾക്കും അനാഥർക്കും മറ്റ് പാർശ്വവത്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ പുതിയ ലോട്ടറി ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ? | (ബി) | തത്ക്കാലം പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ